**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5553** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആർദ്രം ആരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം ആരോഗ്യ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഏതെല്ലാം രോഗങ്ങളുടെ പരിശോധനകൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്; വ്യക്തമാക്കാമോ? | (എ) | ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായി ജീവിതശൈലി രോഗങ്ങളെ കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഗൃഹ സന്ദർശനം നടത്തി ആരോഗ്യ വിവരശേഖരണം നടത്തുന്ന പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. 'വാർഷിക ആരോഗ്യ പരിശോധന' എന്ന രീതിയിൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' ആപ്ലിക്കേഷനിലൂടെയാണ് ഈ സർവ്വേ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ആദ്യഘട്ടത്തിൽ പ്രമേഹം, രക്താതിമർദ്ദം, ക്യാൻസറുകൾ (വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗളാർബുദം) ശ്വാസകോശ രോഗങ്ങൾ, ക്ഷയം എന്നീ രോഗങ്ങളുടെ വിവരശേഖരണം ആണ് നടത്തിയത്. |

സെക്ഷൻ ഓഫീസർ